# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2105** **08.03.2018-ൽ മറുപടിക്ക്**

വൈദ്യുതി പ്രസരണ വിതരണ നഷ്ടം

| | ചോദ്യം<br>ശ്രീ. സി. ദിവാകരൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി പ്രസരണ വിതരണ നഷ്ടം പ്രതിവർഷം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വൈദ്യുതി പ്രസരണ വിതരണ നഷ്ടത്തിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു.<br>2012-13 — 15.30%<br>2013-14 — 14.96%<br>2014-15 — 14.57%<br>2015-16 — 14.37%<br>2016-17 — 13.93% |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി പ്രസരണ വിതരണ നിലവാരം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ), മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വൈദ്യുത വിതരണ നിലവാരം ഉയർത്തി വരുന്നത്. 11 കെ.വി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, കൂടുതൽ ശേഷിയുള്ള കമ്പികൾ ഉപയോഗിച്ച് ശൃംഖല ശക്തിപ്പെടുത്തുക (റീ കണ്ടക്ടറിംഗ്), സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾ വഴി നടപ്പിലാക്കുന്നത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ മേഖലയിൽ 3039 കിലോമീറ്റർ 11 കെ.വി ലൈൻ നിർമ്മിക്കുകയും 3964 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3169 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി |

മാറ്റുകയും, 15.52 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും, 1399 കി.മീ എച്ച്.റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 20,726 കി.മീ. എൽ.റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. 2021 ഓടുകൂടി ആഗോള നിലവാരത്തി ലുള്ളതും തടസ്സ രഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിതരണ ശൃംഖലാ നവീകരണത്തിന്റെ ആദ്യപടിയായി നൂതന സംവിധാനമായ GIS അധിഷ്ഠിത രേഖാചിത്രം 11 കെ.വി ലൈനുകളുടേത് പൂർത്തിയായിക്കഴിഞ്ഞു.

വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി കെ. എസ്. ഇ. ബി. എൽ ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ പ്രസരണ നഷ്ടം 107 മെഗാവാട്ട് കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി 521.73 മില്ല്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുന്നതാണ്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി നിലവിലുള്ള 66 കെ.വി സബ്സ്റ്റേഷനുകൾ, 110 കെ.വി ആയി ഉയർത്തുകയും, 110 കെ.വി സബ്സ്റ്റേഷനുകൾ 220 കെ.വി ആയി ഉയർത്തുകയും പുതിയ 400, 220 കെ.വി സബ്സ്റ്റേഷനുകളും അതിനോടനുബന്ധിച്ച് 400, 220, 110 കെ.വി ലൈനുകളുടെ ശേഷി ഉയർത്തലും / നിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട്, 400 കെ.വി സബ്സ്റ്റേഷനുകളും പന്ത്രണ്ട് 220 കെ.വി സബ്സ്റ്റേഷനുകളും ഇവയുടെ അനുബന്ധ ലൈനുകളുടെയും വർക്കുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു.

(signature)

സെക്ഷൻ ഓഫീസർ